സ്പിരിറ്റ് പുറം സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരേണ്ടതായിട്ടുണ്ട്. ഡിസ്റ്റിലറി പൂർണ്ണമായും ഒരുവർഷം മുഴുവനും പ്രവർത്തിക്കണമെങ്കിൽ ചുരുങ്ങിയത് പതിനായിരം ടൺ മൊളാസസ് വേണ്ടിവരും. കഴിഞ്ഞ വർഷം അവിടെ നിന്നും ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത് 2759 ടൺ മൊളാസസ് മാത്രമാണ്. ഏതാണ്ട് ഇപ്പോൾ അവിടെ 16,000 ടൺ ലിറ്റർ സ്പിരിറ്റ് ഒരു ദിവസം ആവശ്യമാണ്. അവിടെ നിന്നും ഉൽപ്പാദിപ്പിക്കാൻ കഴിയുന്നത് 8,000 ടൺ മാത്രമാണ്. ബാക്കി 8,000 ടൺ വെളിയിൽ നിന്നും കൊണ്ടുവരണം. അതിന് ഈ കമ്പനി എക്സൈസ് ഡിപ്പാർട്ടുമെന്റുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടികൾ എടുക്കുകയാണ്. ഈ സെപ്റ്റംബർ മാസത്തിൽ എന്റെ സഹപ്രവർത്തകനായ എക്സൈസ്മന്ത്രി വിളിച്ചുകൂട്ടിയ യോഗത്തോടനുബന്ധിച്ച് എടുത്ത തീരുമാനം അനുസരിച്ച് ഇനിയുള്ളതെല്ലാം ഒരു നടപടി ചട്ടപ്രകാരം തന്നെയാണ് നടത്തുന്നത്. എല്ലാ കമ്പനികളെ സംബന്ധിച്ചും പത്രങ്ങളിൽ പലതും വന്നിട്ടുണ്ട്. പലതും അടിസ്ഥാനരഹിതമാണ്. എപ്പോഴെല്ലാം കമ്പനികളെപ്പറ്റി പത്രങ്ങളിൽ വരുന്നുവോ അപ്പോഴെല്ലാം അന്വേഷണം നടത്തുന്നുണ്ട്. അന്വേഷണം നടത്തിയിട്ടുണ്ട്. തെറ്റാണെന്നു കണ്ടാൽ തെറ്റാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടിയെടുക്കും. നടപടിയെടുത്തിട്ടുണ്ട്. ഇന്നിപ്പോൾ എല്ലാം നടക്കുന്നത് എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവാദിത്വത്തോടുകൂടിയാണ്. അവരാണ് ആവശ്യമായ നിർദ്ദേശങ്ങളും കൊടുക്കാറുള്ളത്. അവരുമായിട്ടാണ് ഇതു സംബന്ധിച്ച് കൺസൾട്ട് ചെയ്യാറുള്ളത്. അവരുടേയുംകൂടി അഭിപ്രായം ആരാഞ്ഞിട്ടാണ് സ്പിരിറ്റ് സംബന്ധിച്ചുള്ള എല്ലാ നടപടികളും പഞ്ചസാര ഫാക്ടറികളും ചെയ്യുന്നത്. അതിന്റെ നിർദ്ദേശാനുസരണം മന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ 'പ്രൊസീഡ്യുവർ വേണമെന്നും ടെൻഡർ വിളിക്കണമെന്നും' തീരുമാനിച്ചതിനുശേഷം ഒരിക്കലും ഒരു കമ്പനിയും നടത്തിയിട്ടില്ല. ഈ കമ്പനി പ്രത്യേകിച്ചും നടത്തിയിട്ടില്ല. ആരോടെങ്കിലുമുള്ള വ്യക്തിവിദ്വേഷം തീർക്കാൻ നിയമസഭയിലെ ഈ കാളിംഗ് അറ്റൻഷൻ ഉപയോഗിക്കുന്നത് ഒരിക്കലും നല്ല കീഴ്വഴക്കമല്ല എന്നു മാത്രമാണ് ഞാൻ പറയുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, 12-8-1986-ൽ എക്സൈസ് ഡിപ്പാർട്ട്മെന്റ് വിളിച്ചുകൂട്ടിയ കോൺഫറൻസിന്റെ തീരുമാനത്തിനുശേഷം ചിറ്റൂർ ഷുഗർ ഫാക്ടറി ടെൻഡർ ഇല്ലാതെ കൊടുത്തിട്ടുണ്ടോ, കൊടുത്തിട്ടുണ്ടെങ്കിൽ ആ മാനേജുമെന്റിന്റെ പേരിൽ നടപടിയെടുക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ഈ കമ്പനി സഹകരണസംഘപ്രകാരം രജിസ്റ്റർ ചെയ്തതാണ്. എനിക്കു കിട്ടിയ വിവരം അനുസരിച്ച് അതിന്റെ ഡയറക്ടർ ബോർഡ് തീരുമാനം എടുത്തതിനുശേഷം (അതിനു മുമ്പുള്ള കാര്യം എനിക്കറിയാൻ വയ്യ) ആ തീരുമാനത്തിന് വിരുദ്ധമായി, ഡിപ്പാർട്ടുമെന്റ് കൊടുത്ത നിർദ്ദേശത്തിന് വിരുദ്ധമായി ഒരു കമ്പനിയും നടപടിയെടുത്തിട്ടില്ല എന്നാണ് എനിക്ക് കിട്ടിയ വിവരം.

(2) വൈദ്യുതി കണക്ഷൻ ലഭിക്കാത്ത ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ശുദ്ധജല വിതരണ പദ്ധതികളും.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, ഈ ശ്രദ്ധ ക്ഷണിക്കലിന് ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിയാണ് ഉത്തരം പറയേണ്ടത്. എങ്കിലും ബഹുമാനപ്പെട്ട ജലസേചനവകുപ്പുമന്ത്രികൂടി ഞാൻ പറയുന്ന കാര്യങ്ങളും ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുകയാണ്. അത്രയ്ക്ക് വളരെ ഗൗരവമുള്ള കാര്യമാണിത്. കേരളത്തിൽ നിരവധി

LIBRARY ARCHIVES Kerala Legislative Assembly

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും, നിരവധി ജലവിതരണ പദ്ധതികളും ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാതെ മുടങ്ങിക്കിടക്കുകയാണ്. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് പൂർത്തിയാക്കിയ പല പദ്ധതികളും മൂന്നുനാലു വർഷമായിട്ടും ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാത്തതുകാരണം ജനങ്ങൾക്ക് ഉപകാരപ്രദമാകാതെ സർക്കാർ ചെലവഴിച്ച പണം ഡെഡ് ഇൻവെസ്റ്റ്മെന്റ് ആയി കിടക്കുന്ന ഒരു സ്ഥിതിവിശേഷമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ നിരവധി ചെറുകിട ജലസേചന പദ്ധതികളും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാതെ മുടങ്ങിക്കിടക്കുകയാണ്. പെരിക്കല്ലൂർ, മരക്കടവ്, മുളവല്ലി മാളൂർ എന്നീ പ്രദേശങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുണ്ട്. ഈ പ്രദേശങ്ങളെല്ലാം സ്ഥിതി ചെയ്യുന്നത് കബനീനദീതീരത്താണ്. അപ്പുറത്തു കർണ്ണാടക സംസ്ഥാനമാണ്. പുഴയ്ക്കിപ്പുറം കേരളസംസ്ഥാനത്തു നിന്ന് അക്കരെ നോക്കിയാൽ നിരവധി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ഇലക്ട്രിസിറ്റി കണക്ഷൻ ഉപയോഗിച്ച് പ്രവർത്തിക്കുന്നത് കാണാം. അങ്ങനെ അവർ ആയിരിക്കണക്കിന് ഏക്കർ ഭൂമി കൃഷിക്ക് ഉപയുക്തമാക്കി ഉൽപ്പാദനം നടത്തിവരികയാണ്. എന്നാൽ തൊട്ടിപ്പുറത്തു കിടക്കുന്ന പ്രദേശങ്ങളുടെ സ്ഥിതിയോ ? മൂന്നു നാലുവർഷങ്ങളായി കൊണ്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പണി പൂർത്തിയാക്കി രണ്ടുമൂന്നു വർഷങ്ങളായിട്ട് കൃഷിക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കാതെ കിടക്കുകയാണ്. ഇതുമൂലം കൃഷിക്കാർ വളരെയേറെ കഷ്ടപ്പാടുകളും യാതനകളും അനുഭവിക്കുകയാണ്. ആയിരക്കണക്കിന് ഏക്കർ വയലുകളാണ് ഉണങ്ങി കിടക്കുന്നത്. വെള്ളം കിട്ടാനും വളരെയേറെ പ്രയാസമുള്ള പ്രദേശങ്ങളാണിവ. വെള്ളം കിട്ടാതെ കൃഷിക്കാർ വലയുകയാണ്; നെൽവയലുകൾ ഉണങ്ങുമ്പോൾ അവർ കണ്ണീർ വാർക്കുകയാണ്. അവരുടെ കണ്ണീർത്തുള്ളികൾ ഏതു ഹൃദയമുള്ളവനേയും വേദനിപ്പിക്കും. അത്രയേറെ വിഷമതകൾ അവർ അനുഭവിക്കുകയാണ്. നിരവധി ഏക്കർ വയലുകൾ ഉണങ്ങിക്കരിഞ്ഞു കിടക്കുമ്പോൾ തൊട്ടടുത്തു കബനീനദിയിൽ ഇഷ്ടംപോലെ വെള്ളം ഒഴുകുന്നു. അവിടെ തൊട്ടടുത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പൂർത്തീകരിച്ചുകിടക്കുന്നു. ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടുന്നില്ല. ആയിരക്കണക്കിന് ഏക്കർ വയലുകൾ ഉണങ്ങിക്കിടക്കുമ്പോൾ ഇത്രയേറെ അനാസ്ഥ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത് ഖേദകരമാണ്. ഉത്തരവുകൾ ആഴ്ച കണക്കിന് മാറിയും മറിഞ്ഞും വരികയാണ്. ഞാൻ ജലസേചന വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്നു പറഞ്ഞതിനുകാരണം 17-10-1986 വരെ ഇതിന് ഇലക്ട്രിസിറ്റികണക്ഷൻ കൊടുക്കേണ്ട ചുമതല ഇലക്ട്രിസിറ്റി വകുപ്പിനായിരുന്നു. അതിന് പെട്ടെന്ന് കണക്ഷൻ കൊടുക്കണമെന്ന് കാണിച്ച് മുമ്പ് ഒരു ഗവൺമെന്റ് തീരുമാനം ഉണ്ടായി.

17-10-1986-ന് ഗവൺമെന്റ് പുറത്തിറക്കിയ ഉത്തരവിൻപ്രകാരം ഇപ്പോൾ അതിന്റെ ചുമതല വഹിക്കുന്നത് അതുമായി ബന്ധപ്പെട്ട വകുപ്പ്, വാട്ടർ അതോറിറ്റിയാണെങ്കിൽ വാട്ടർ അതോറിറ്റി, മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റാണെങ്കിൽ മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റാണ്. ആ ഡിപ്പാർട്ടുമെന്റുകൾ പണമടച്ചെങ്കിൽ മാത്രമേ കണക്ഷൻ കൊടുക്കാവൂ എന്നാണ്. ആ ഉത്തരവ് വന്നിട്ട് പത്തിരുപത്തിരണ്ട് ദിവസങ്ങളേ ആയിട്ടുള്ളൂ. അതിനുമുമ്പ് ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കേണ്ട ചുമതല ഇലക്ട്രിസിറ്റി വകുപ്പിനായിരുന്നു. അന്ന് ഇതിന്റെ ചാർജ് വഹിച്ചിരുന്ന ഇന്നത്തെ ജലസേചനവകുപ്പുമന്ത്രി ഏതാനും മാസങ്ങൾക്കുമുമ്പ് ഈ പ്രദേശത്തിനടുത്തുള്ള പ്രദേശത്ത്

LIBRARY ARCHIVES Kerala Legislative Assembly

വെളിച്ചവിപ്ലവുമായി ബന്ധപ്പെട്ട പരിപാടി ഉൽഘാടനം ചെയ്യാൻ വന്നപ്പോൾ, ആ സ്റ്റേറേജിൽവച്ചുതന്നെ ഞാനിക്കാര്യം അദ്ദേഹത്തോട് പറഞ്ഞതാണ്. അവിടത്തെ കൃഷിക്കാരുടെ യാതനകളും വേദനകളും ചൂണ്ടിക്കാണിച്ചതാണ്. അന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, മാസങ്ങൾക്കകം കണക്ഷൻ കൊടുക്കാമെന്നാണ്. എന്നിട്ട് എത്രയോ മാസങ്ങൾ പിന്നിട്ടു കഴിഞ്ഞിരിക്കുകയാണ്. ഇത് വളരെയേറെ പരിതാപകരമായ ഒരു സ്ഥിതിയാണ്. കൃഷിക്കാർ അനുദിനം വിഷമങ്ങളനുഭവിക്കുകയാണ്. ഇപ്പോൾ പുതിയ ഉത്തരവ് മാറിവന്നിരിക്കുന്നു. ഇലക്ട്രിക് കണക്ഷൻ കൊടുക്കണമെങ്കിൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകൾ, വാട്ടർ അതോറിട്ടിയായാലും മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറായാലും, പണമടച്ചെങ്കിൽ മാത്രമേ കണക്ഷൻ കൊടുക്കുകയുള്ളുവെന്ന്. ജനങ്ങൾക്ക് ഇതൊന്നും അറിയണ്ട. ഈ വകുപ്പുകൾ തമ്മിൽ കോ-ഓർഡിനേഷൻ ഇല്ലാത്തതെന്താണ് ? വകുപ്പുകൾ തമ്മിലുള്ള കോ-ഓർഡിനേഷൻ ഉണ്ടാക്കാൻവേണ്ടി ബന്ധപ്പെട്ട മന്ത്രിമാർ ഇരുന്ന് ആലോചിച്ച് തീരുമാനമുണ്ടാക്കണം. ഏത് വകുപ്പാണ് കണക്ഷൻ കൊടുക്കുന്നത്, ആരാണ് പണമടയ്ക്കുന്നത് എന്നൊന്നും ജനങ്ങൾക്ക് അറിയേണ്ട കാര്യമില്ല.

ആയിരക്കണക്കിന് ഏക്കർ വയലുകൾ ഉണങ്ങിക്കിടക്കുമ്പോൾ, തൊട്ടടുത്ത കബനീനദിയിൽ ഇഷ്ടംപോലെ വെള്ളം കിടക്കുകയാണ്. തൊട്ടടുത്ത കർണ്ണാടക സംസ്ഥാനത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽക്കൂടി ആയിരക്കണക്കിന് ഏക്കർ ഭൂമി നല്ല രീതിയിൽ കൃഷിക്കുപയുക്തമാക്കുമ്പോൾ, കേരളത്തിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ലക്ഷക്കണക്കിന് രൂപ ചെലവാക്കി രണ്ടും മൂന്നും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പൂർത്തിയായിക്കിടക്കുകയാണ്. അത് നോക്കിനിൽക്കുകയല്ലാതെ, ഒരു തുള്ളിവെള്ളംപോലും പ്രയോജനപ്പെടാതെ, ആയിരക്കണക്കിന് ഏക്കർ ഭൂമി കൃഷിചെയ്യാൻ നിവൃത്തിയില്ലാതെ, കൃഷിക്കാർ കഷ്ടതയനുഭവിക്കുകയാണ്.

അതുപോലെ ശുദ്ധജലവിതരണ പദ്ധതികൾ രണ്ടും മൂന്നും വർഷം പൂർത്തിയാക്കിയതിനുശേഷം ഇലക്ട്രിക് കണക്ഷൻ കിട്ടാതെ കിടക്കുന്ന സാഹചര്യമുണ്ട്. വെള്ളത്തിനുവേണ്ടി വേനൽക്കാലത്തിനെപ്പോലെ ജനങ്ങൾ കേഴുമ്പോൾ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കിയതിനുശേഷം ഇലക്ട്രിക് കണക്ഷൻ കിട്ടാതെ വിഷമിക്കുകയാണ്. ഈ സാഹചര്യം നമ്മുടെ സംസ്ഥാനത്തെ വയനാട്ടിൽ മാത്രമല്ല, മറ്റു പല ഭാഗങ്ങളിലുമുണ്ട്. ഇത് വളരെ പരിതാപകരമായ സ്ഥിതിയാണ്. എന്താണ് ഇതിന്റെ തകരാറ് ? ബന്ധപ്പെട്ട മന്ത്രിമാർ അതിനെക്കുറിച്ച് ഇരുന്ന് ചർച്ചചെയ്ത് ഉടനെതന്നെ കണക്ഷൻ കൊടുക്കുവാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണം. ഒരു നിമിഷംപോലും താമസിക്കാൻ ഒക്കുകയില്ല. സർക്കാരിന്റെ ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് dead ഇൻവെസ്റ്റ്മെൻറായി കിടക്കുമ്പോൾ - തൊട്ടടുത്ത് അതിന്റെ പ്രയോജനം ലഭിക്കാതെ ജനങ്ങൾ കഷ്ടപ്പെടുന്ന സാഹചര്യം ഇവിടെ ഒരിക്കലും അനുവദിച്ചുകൊടുക്കുവാൻ പാടില്ലാത്തതാണ്. ഇതിന് അടിയന്തിരമായ നടപടിയെടുക്കണം.

[അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ]

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഇക്കൊല്ലം ചെലവാക്കാനുള്ള പണം വിദ്യുച്ഛക്തി ബോർഡ് ഇതിനകം ചെലവാക്കിക്കഴിഞ്ഞിരിക്കുന്നുവെന്നാണ് ഗവൺമെൻറിനെ അറിയിച്ചിരിക്കുന്ന ബോർഡിന്റെ ബഡ്ജറ്റിലുള്ളതും ഈ നിയമസഭയിൽ പാസ്സാക്കിയതുമായ ബഡ്ജറ്റിൽ ഇത്തരം ആവശ്യങ്ങൾക്കുവേണ്ടി നീക്കിവച്ച തുകയിൽ അൽപ്പം

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ അവർ ചെലവാക്കിക്കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ വിദ്യുച്ഛക്തി ബോർഡ് ഗവൺമെൻറിനോട് മുപ്പതു കോടി രൂപകൂടി അധികമായി ചോദിച്ചിരിക്കുകയാണ്. ഇക്കൊല്ലം വീടുകൾക്ക് ഒരുലക്ഷത്തി ഇരുപതിനായിരം കണക്ഷനുകൾ ഇനി ബാക്കി കൊടുക്കാനുണ്ട്. ഇപ്പോൾ ഗവൺമെൻറ് ഇതിനെ സംബന്ധിച്ച് എടുത്തിരിക്കുന്ന തീരുമാനത്തെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ തന്നെ പറഞ്ഞതാണ്. അതായത്, ഏത് വകുപ്പിനാണോ വിദ്യുച്ഛക്തി കണക്ഷൻ ആവശ്യമായിട്ടുള്ളത്, അത് വാട്ടർ അതോറിട്ടിയാകട്ടെ, ഇറിഗേഷൻ ഡിപ്പാർട്ടുമെൻറാകട്ടെ പി.ഡബ്ലിയു.ഡി. യാകട്ടെ, പോലീസ് വകുപ്പാകട്ടെ, താലൂക്കാഫീസാകട്ടെ, ഏതാണെങ്കിലും ശരി, ഇലക്ട്രിഫിക്കേഷൻ എന്നുള്ള ബഡ്ജറ്റിൽ കണക്ഷൻ കൊടുക്കുന്നതിനുവേണ്ടി വരുന്ന ചെലവുകൂടിയുൾപ്പെടുത്തണമെന്നാണ് അന്തിമമായി ഗവൺമെൻറ് ഇക്കാര്യത്തിലെടുത്തിരിക്കുന്ന തീരുമാനം. അല്ലെങ്കിൽ ഗവൺമെൻറിൻറെ ആവശ്യങ്ങൾക്കും ലിഫ്റ്റും ഇറിഗേഷനും വാട്ടർ അതോറിട്ടിക്കും മാത്രമേ ഈ പണം ചെലവഴിക്കാൻ കഴിയുകയുള്ളു ജനങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ കഴിയാത്ത സ്ഥിതിയിലേക്ക് മാറും.

ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെൻറിൻറെ വീടുകളാണ് വയറിംഗ് ചെയ്തത് ഇട്ടിരിക്കുന്നതെങ്കിൽ അതിന് വൈദ്യുതി കൊടുക്കാൻ ആ ഡിപ്പാർട്ടുമെൻറാണ് ചെലവാക്കുന്നതെങ്കിൽ എത്രയും വേഗം കണക്ഷൻ കൊടുക്കാം. അങ്ങനെ ഓരോ ഗവൺമെൻറ് ഡിപ്പാർട്ടുമെൻറും അതാത് ചെലവുകൾ വഹിക്കുക എന്നുള്ള നയത്തിലാണ് ഇപ്പോൾ എത്തിയിരിക്കുന്നത്. ഇറിഗേഷൻ ഡിപ്പാർട്ടുമെൻറ് ഇക്കാര്യം സമ്മതിച്ചിട്ടുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ, സാമൂഹ്യ ജലസേചന പദ്ധതികൾ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ഇലക്ട്രിക് കണക്ഷൻ ആവശ്യമുള്ള തുകയടച്ചുകൊള്ളാമെന്ന് സമ്മതിച്ചിട്ടുണ്ട്. മന്ത്രിസഭ തീരുമാനപ്രകാരം 17-10-1986-ൽ ഗവൺമെൻറ് ഇതു സംബന്ധിച്ച് ഇറക്കിയിരിക്കുന്ന ഒരു ഉത്തരവിൻറെ അടിസ്ഥാനത്തിൽ ഈ ചെലവുകൾ അതാത് ഡിപ്പാർട്ടുമെൻറുകൾ വഹിക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. അതിൻറെയടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സുൽത്താൻബത്തേരി മെമ്പർ പറഞ്ഞ കാര്യങ്ങൾക്ക് ഇറിഗേഷൻ ഡിപ്പാർട്ടുമെൻറാണ് പണമടയ്ക്കേണ്ടത്. അതുപോലെ അദ്ദേഹം രണ്ട് വാട്ടർ സപ്ലൈ സ്കീമിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അതിൽ ഒരെണ്ണത്തിന് വാട്ടർസപ്ലൈ ബോർഡു പണമടച്ചുകഴിഞ്ഞു. വിദ്യുച്ഛക്തി ബോർഡ് അതിൻറെ പ്രവർത്തനം വളരെതിരിതഗതിയിൽ ആരംഭിക്കുകയും വളരെ വേഗം പൂർത്തിയാക്കുകയും ചെയ്യും. രണ്ടാമത്തെ പദ്ധതിക്ക് പണമടച്ചിട്ടില്ല. അദ്ദേഹം പറഞ്ഞ മൂന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും പണമടച്ചു കഴിഞ്ഞാൽ ദീർഘദൂര ലൈൻ വലിച്ച് ഇലക്ട്രിസിറ്റി കൊടുക്കേണ്ട സ്ഥലങ്ങളാണ്. അതിനാവശ്യമായ തുക ഡപ്പോസിറ്റ് ചെയ്താൽ അടിയന്തിര പ്രധാന്യമുള്ള പ്രവർത്തനമെന്നുള്ള നിലയിൽ വിദ്യുച്ഛക്തിബോർഡ് വളരെവേഗം ആ പ്രവർത്തനം പൂർത്തിയാക്കുവാനുള്ള ഏർപ്പാടു ചെയ്യാം. ഡി. ഡി. സി. യുമായോ, അല്ലെങ്കിൽ അവിടത്തെ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥനുമായോ ബന്ധപ്പെട്ട് പണമടക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടത്തണം. ബോർഡിന് ഇക്കാര്യത്തിൽ ഒന്നും ചെയ്യാനില്ല. പണമടച്ചു കഴിഞ്ഞാൽ കണക്ഷൻ കൊടുക്കുകയെന്നുമാത്രമേയുള്ളൂ. പണമടച്ചു കഴിഞ്ഞാൽ വളരെവേഗം കണക്ഷൻ കൊടുക്കുവാനുള്ള ഏർപ്പാടു ചെയ്യാം. ഇറിഗേഷൻ ഡിപ്പാർട്ടുമെൻറ് എപ്പോൾ പണമടയ്ക്കുന്നുവോ അപ്പോൾ ഒരു.

LIBRARY ARCHIVES Kerala Legislative Assembly

അടിയന്തിരസ്വഭാവത്തോടുകൂടി നടപടിയെടുക്കുവാൻ വിദ്യുച്ഛക്തി ബോർഡിനു നിർദ്ദേശം കൊടുക്കാമെന്നു മാത്രമേ ഇക്കാര്യത്തിൽ എനിക്കു പറയാനുള്ളു. സർ, അതുപോലെ നമ്മുടെ സംസ്ഥാനത്തു അപേക്ഷിക്കുന്ന മുഴുവൻ കണക്ഷനുകളും, വ്യവസായങ്ങൾക്കാകട്ടെ, കൃഷിക്കുവേണ്ടിയാകട്ടെ, വീട്ടാവശ്യങ്ങൾക്കാകട്ടെ, തിയേറ്ററുകൾക്കാകട്ടെ, കടകൾക്കാകട്ടെ, കൊടുക്കുവാൻ പണം കണ്ടെത്താൻ ബോർഡിന്റെ ഇന്നത്തെ ധനാഗമമാർഗ്ഗങ്ങൾ കൊണ്ടു സാദ്ധ്യമല്ല. നമ്മുടെ ടാരിഫ് വളരെ കുറവാണു, ആ സ്ഥിതിയിൽ ഇക്കൊല്ലം വെള്ളം വളരെ കുറവാണു, അതുകൊണ്ടു വരുമാനവും കുറവാണു. അങ്ങനെ വളരെ ബുദ്ധിമുട്ടാണു. എല്ലാ കാര്യങ്ങളും ബോർഡ് നിർവ്വഹിക്കണമെന്നുള്ള നിലപാടിൽനിന്നു ഗവൺമെൻറു മാറിയിരിക്കുന്നു. ബോർഡ്, അവർ ചെലവാക്കുന്ന തുക ചെലവാക്കുകയും ആവശ്യക്കാർക്കു അവരുടെ ചെലവിൽത്തന്നെ വിദ്യുച്ഛക്തി കണക്ഷൻ കൊടുക്കുകയും ചെയ്യുകയെന്നുള്ള നയമാണു സ്വീകരിച്ചിരിക്കുന്നതു. അങ്ങനെ സ്വീകരിച്ചാലല്ലാതെ വിദ്യുച്ഛക്തി ബോർഡിനു മുന്നോട്ടു പോകാൻ കഴിയില്ല. അതുകൊണ്ടു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പണമെപ്പോഴും അടയ്ക്കുന്നുവോ അപ്പോഴും എത്രയുംവേഗം കണക്ഷൻ കൊടുക്കുവാനുള്ള ഏർപ്പാടുകളും ചെയ്യാം

III സബ്മിഷൻ

(1) റെയിൽവേ ഓവർ ബ്രിഡ്ജ്

ശ്രീ. ഒ. ഭരതൻ : സർ, കാസർകോടു ജില്ലയിലെ ഹോസ്ദുർഗ്ഗു താലൂക്കിൽ പീലിക്കോടു പഞ്ചായത്തിൽ കരപ്പാത്തു തോട്ടം എന്നു പറയുന്നതു ഒരു തെങ്ങു വളർത്തുകേന്ദ്രമാണു. അവിടന്നു പടന്നയുമായി ബന്ധപ്പെടുന്ന ഒരു റെയിൽവേ ഓവർബ്രിഡ്ജു പണിയണമെന്നുള്ള ആവശ്യം 1980 മുതൽക്കേ ഉയർന്നു വന്നതാണു. പതിനായിരക്കണക്കിനാളുകളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുവാൻ ഉപകരിക്കുന്നതാണു ഈ പാലം. ഇപ്പോൾ പടന്നയിലേക്കും വലിയപ്പറമ്പിലേക്കും പോകേണ്ട ആളുകൾക്കു പന്ത്രണ്ടു കിലോമീറ്ററിലധികം യാത്രചെയ്യേണ്ടിവരുന്നുണ്ടു. ഈ പാലം പണിയുന്നതോടെ പതിനായിരക്കണക്കിനാളുകൾക്കു സമയലാഭവും ധനലാഭവും ഉണ്ടാക്കുവാൻ സാധിക്കും. 1980-ൽ കേന്ദ്രഗവൺമെൻറുമായി ബന്ധപ്പെട്ടു ഒരു ബ്രിഡ്ജു പണിയുന്നതിനുള്ള അനുവാദം നേടിയതാണു. അതിന്റെ എസ്റ്റിമേറ്റു തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ടായിരുന്നു. സംസ്ഥാന ഗവൺമെൻറു നൽകേണ്ടതായിട്ടുള്ള സംഖ്യ നൽകാത്തതുകൊണ്ടാണു ഈ പാലം പണിയാൻ സാധിക്കാത്തതെന്നാണു കേന്ദ്രഗവൺമെൻറും റെയിൽവേ വകുപ്പുമായി ബന്ധപ്പെട്ടപ്പോൾ പറയുന്നതു. വളരെ അടിയന്തിരമായി ഇതിന്റെ ചുമതല വഹിക്കുന്ന മന്ത്രി ഇക്കാര്യത്തിൽ മുൻകൈയെടുത്തു പാലം പണിയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഈ പാലം പണി പൂർത്തിയായാൽ പതിനായിരക്കണക്കിനു ആളുകൾക്കു പന്ത്രണ്ടും പതിനഞ്ചും കിലോമീറ്റർ യാത്ര ചെയ്യുന്നതു രണ്ടോ മൂന്നോ കിലോമീറ്റർ യാത്ര ചെയ്യുന്നതുമുഖേന അവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ സാധിക്കുമെന്നുള്ളതുകൊണ്ടു അടിയന്തിരമായ നടപടി സ്വീകരിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly